**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2805** — **13-03-2020 ൽ മറുപടിക്ക്**

**കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം വിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിൽ തീരുമാന മാകാതെയുണ്ടെന്ന് വിശദീകരിക്കുമോ; അവയുടെ ലിസ്റ്റും നടപടിയുടെ പുരോഗതിയും വിശദമാക്കുന്ന പട്ടിക ലഭ്യമാക്കുമോ; | (എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം നൽകാൻ ബാക്കിയുള്ള 5 കേസുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>**1.** എൽ.എ 1-16/19/സി2- രാജേന്ദ്രൻ, കാവനാൽ ലക്ഷം വീട് അയണിവേലികുളങ്ങര<br>പഞ്ചായത്തിന്റെ അനുവാദപത്രിക ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതാണ്.<br>**2.** എൽ.എ 1-6/19/സി2-ലളിത, സുവർണ്ണ വിലാസം, നീണ്ടകര<br>ഹൈവേ വികസനത്തിന് പ്രസ്തുത സ്ഥലം ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു.<br>**3.** എൽ.എ 1-13/19/സി2- രാജേന്ദ്രൻ, പ്രിയാലയം പ്രയാർ തെക്ക്, ക്ലാപ്പന<br>വെള്ളക്കെട്ടുള്ള പ്രദേശമാകയാൽ കൂടുതൽ പരിശോധന ആവശ്യമായി കാണുന്നു.<br>**4.** സി2- 10053/17- മിനി, കളീലിൽ, ചവറ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**5.** സി2-12259/19-ലോറൻസ്, ഗോൺസാൽവസ്, റ്റി.എം. ചിറ, ആലുംപീടിക, ആയിരംതെങ്ങ്, ആലപ്പാട് എന്നിവരുടെ അപേക്ഷ<br>പതിവ് കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>മേൽ വിവരിച്ച 5 കേസുകൾ കൂടാതെ ഓച്ചിറ വില്ലേജിലെ വവ്വാക്കാവ് പുവർഹൗസിംഗ് കോളനിയിലെ താമസക്കാർക്ക് കൂടി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി ലഭിച്ചവർക്ക് പട്ടയം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി കൈവശമുള്ളവരുടെ കൈവശസ്ഥലത്തിന്റെ സ്കെച്ചും മഹസ്സറും താലൂക്ക് സർവ്വെയർ മുഖേന തയ്യാറാക്കിയിട്ടുള്ളതാണ്. ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

(സി) കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീട്ടും നൽകിയവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; ഈ ഭൂമിയും വീട്ടും കൈമാറുന്നതിന് നിബന്ധന വല്ലതും നിലവിലുണ്ടോ; വിശദീകരിക്കുമോ?

(സി) കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീട്ടും നൽകിയവർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ടി ഭൂമിയും വീട്ടും അനന്തരാവകാശ കക്ഷികൾക്ക് ഉൾപ്പെടെ കൈമാറുന്നതിന് പട്ടയം നൽകിയ ദിവസം മുതൽ 12 വർഷക്കാലം പൂർത്തിയാക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ ആയത് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**